(ബി)

- ഇത്തരം പഠനങ്ങളും ഗവേഷണങ്ങളും പരിശീലന പരിപാടികളുടെ ഗുണനിലവാരം ഉയർത്തും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനും നയരൂപീകരണത്തിലും ഏറെ സ്വാധീനം ചെലുത്താൻ കഴിയും.

(സി) 7-12-2012-ലെ സർക്കാർ ഉത്തരവ് (കൈ) നം. 329/2012/ത.സ്വ.ഭ.വ. പ്രകാരം ഒരു സ്പെഷ്യൽ ഓഫീസറെ ഇതിനായി നിയമിച്ച് പ്രവർത്തനം ആരംഭിച്ചു എന്നാൽ യു.ജി.സി.യുടെ നിർദ്ദേശമനുസരിച്ച് 11-3-2014-ൽ ചേർന്ന കില-യുടെ ജനറൽ കൗൺസിൽ എടുത്ത തീരുമാനപ്രകാരം സംസ്ഥാന യൂണിവേഴ്സിറ്റി ആരംഭിച്ച് കോഴ്സുകൾ നടത്താൻ തീരുമാനിക്കുകയുണ്ടായി. 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 കോടിരൂപ ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്.

കിലയിലെ ജീവനക്കാർ

181 (2814) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കില' ഏത് വർഷമാണ് പ്രവർത്തനമാരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥിരം നിയമനം ലഭിച്ചവരും താല്ക്കാലിക നിയമനം ലഭിച്ചവരുമായി കിലയിൽ എത്ര ജീവനക്കാരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയും നേരിട്ടും നിയമനം ലഭിച്ചവർ ആരെല്ലാമാണെന്ന് പ്രത്യേകം വിശദമാക്കാമോ ;

(ഡി) നേരിട്ട് നിയമനം നടത്തിയ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ ഓരോരുത്തരേയും ഏത് കാലഘട്ടത്തിലാണ് സ്ഥിരപ്പെടുത്തിയതെന്നും പ്രത്യേകം വെളിപ്പെടുത്താമോ ;

(ഇ) ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(എഫ്) ഇവരുടെ ജാതി തിരിച്ചുള്ള കണക്കും സംവരണ വിഭാഗത്തിലുൾപ്പെട്ടവരുടെ കണക്കും സംവരണംവഴി നിയമനം നടത്തേണ്ട ക്വാട്ട എത്രയാണെന്നും അത് നികത്തുന്നതിന സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കില 1990-ലാണ് പ്രവർത്തനം ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിലയിൽ നിലവിൽ സ്ഥിരനിയമനം ലഭിച്ച 33 ജീവനക്കാരുണ്ട്. അവരുടെ കാറ്റഗറി തിരിച്ചുള്ള വിവരം താഴെപ്പറയുന്നു :

1	പ്രൊഫസർ	1
2	അസോസിയേറ്റ് പ്രൊഫസർ	1
3	അസിസ്റ്റന്റ് പ്രൊഫസർ	2
4	റിസർച്ച് അസിസ്റ്റന്റ്	1
5	ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ	1
6	സെക്ഷൻ ഓഫീസർ	1
7	ഡയറക്ടറുടെ പി.എസ്.	1
8	കമ്പ്യൂട്ടർ പ്രോഗ്രാമർ	1
9	ഓവർസീയർ	2
10	ക്ലാർക്ക്	3
11	ഡ്രൈവർ	2
12	റിസപ്ഷനിസ്റ്റ്	1
13	ലൈബ്രറി അറ്റന്റന്റ്	1
14	കെയർടേക്കർ	1
15	ഡെസ്പാച്ചർ	1
16	പ്ലംബർ	1
17	ഖലാസി	4
18	സ്വീപ്പർ	5
19	പാർട്ട് ടൈം സ്വീപ്പർ	3

കിലയിലെ വിവിധ പ്രോജക്ടുകളിൽ പ്രവർത്തിച്ചുവരുന്നവരെ കൂടാതെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ അഞ്ച് താൽക്കാലിക ജീവനക്കാരുണ്ട്. (ടൈപ്പിസ്റ്റ്/ ഡി.ടി.പി. ഓപ്പറേറ്റർ-2, ഖലാസി-2, ഡ്രൈവർ-1).

വിവിധ പ്രോജക്ടുകളിൽ പ്രവർത്തിച്ചുവരുന്ന താൽക്കാലിക ജീവനക്കാർ

1. KLGSDP-ഫാക്കറ്റി-3 (കരാർ നിയമനം), ഡി.ടി.പി. ഓപ്പറേറ്റർ-1, അസിസ്റ്റന്റ്-1 (ദിവസ വേതനം)

2. RGPSA- അസിസ്റ്റന്റ് പ്രൊഫസർ-2 (കരാർ നിയമനം), ടെയിനിംഗ് അസിസ്റ്റന്റ്-2 (കരാർ നിയമനം), കോ-ഓർഡിനേറ്റർ-1 (പ്രതിമാസ വേതനം)

LIBRARY ARCHIVES Kerala Legislative Assembly

3. CRC- ട്രെയിനിംഗ് അസോസിയേറ്റ്-1 (കരാർ നിയമനം), സെക്ഷൻ അസിസ്റ്റന്റ്-1 (ദിവസ വേതനം)

4. കില-ഡി.ടി.പി. ഓപ്പറേറ്റർ-4 (ദിവസ വേതനം), ഹെൽപ്പ് ഡെസ്ക്-ഇൻ-ചാർജ്ജ്-1 (പ്രതിമാസ വേതനം), കോ-ഓർഡിനേറ്റർ-4 (പ്രതിമാസ വേതനം), ഓഫീസ് അസിസ്റ്റന്റ്-2

(സി) കിലയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. ആയതിനാൽ പി.എസ്.സി. വഴി ആർക്കും നിയമനം നൽകിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഖലാസി തസ്തികയിൽ രണ്ടുപേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. നേരിട്ട് നിയമനം ലഭിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.**

(ഡി&ഇ) നേരിട്ട് നിയമനം നടത്തിയ മൊത്തം 21 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

1997-ക്ലാർക്ക്-2, ഖലാസി-2

2007-കമ്പ്യൂട്ടർ പ്രോഗ്രാമർ-1, പ്ലംബർ-1

2009-സ്വീപ്പർ-5, പാർട് ടൈം സ്വീപ്പർ-4

2010-ക്ലാർക്ക്-3, ഖലാസി-3

(എഫ്) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

ക്ലാർക്ക്-ഈഴവ/തീയ്യ-4, മുസ്ലീം-1

കമ്പ്യൂട്ടർ പ്രോഗ്രാമർ-ക്രിസ്ത്യൻ-1

പ്ലംബർ-തമിഴ് ബ്രാഹ്മിൺ-1

ഖലാസി-ഈഴവ-2, മുസ്ലീം-1, പുലയ-1, വേട്ടുവ-1

സ്വീപ്പർ-ഈഴവ-3, ക്രിസ്ത്യൻ-2

പാർട്ട് ടൈം സ്വീപ്പർ-ഈഴവ-1, വേൽക്കുറുപ്പ്-1, ക്രിസ്ത്യൻ-2

സംവരണതത്വം നിലവിൽ പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ സംവരണ വിഭാഗത്തിലുൾപ്പെട്ടവരുടെ കണക്കും സംവരണംവഴി നിയമനം നടത്തേണ്ട ക്വാട്ട എത്രയാണെന്ന വിവരവും ലഭ്യമല്ല. എന്നിരുന്നാലും ഭാവിയിൽ സംവരണതത്വമനുസരിച്ച് നിയമനം നടത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2676-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly